**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3122** **14-02-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ജല ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡിൽ നെല്ല്യാടി മുതൽ മേപ്പയ്യൂർ വരെയുള്ള ഭാഗത്ത് ജല ജീവൻ പദ്ധതിയുടെ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാക്കാമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിലെ കൊല്ലം-നെല്ല്യാടി– മേപ്പയൂർ റോഡിൽ നെല്ല്യാടി മുതൽ മേപ്പയൂർ വരെയുള്ള ഭാഗത്തു ജലജീവൻ മിഷൻ പദ്ധതിയുടെ പൈപ്പ് ലൈൻ പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുന്നു. പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പി.ഡബ്ലിയു.ഡി. നിർദ്ദേശ പ്രകാരമുള്ള റീസ്റ്റോറേഷൻ പ്രവൃത്തി ഈ റോഡിൽ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | പൈപ്പിട്ട ഭാഗങ്ങളിൽ റീസ്റ്റോറേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ച് ഉടൻ തന്നെ റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| (സി) | 06.01.2024-ന് എം.എൽ.എ.യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനമനുസരിച്ച് ഈ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; | (സി) | 06-01-2024 തീയ്യതിയിൽ MLAയുടെ അധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം അനുസരിച്ച് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ യോഗത്തിൽ തീരുമാനിച്ച തീയ്യതിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. നിലവിൽ പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പ്രവൃത്തി അന്തിമഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാകാത്തതുകൊണ്ട് പി.ഡബ്ലിയു.ഡി.യുടെ റോഡ് പുനരുദ്ധാരണത്തിനുള്ള ഫണ്ട് നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡിൽ KWA പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി സെക്യൂരിറ്റി ഡെപ്പോസിറ്റായി 11,95,471/-രൂപ KRFB യിൽ ഒടുക്കിയിട്ടുണ്ട്. പൈപ്പ് ഇടൽ പൂർത്തീകരിക്കുന്ന മുറക്ക് റീസ്റ്റോറേഷൻ ചെയ്ത് ഫെബ്രുവരി 20 ഓട് കൂടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ